# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം. 3048

11.12.2014 ൽ മറുപടിയ്ക്ക്

### എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

എ) ഈ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയെന്ന് അറിയിക്കുമോ?

എ) സംസ്ഥാനത്ത് സർക്കാർ സീറ്റിൽ ഈ അദ്ധ്യയന വർഷത്തിൽ 28483 വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. അലോട്ട്മെന്റിനു ശേഷം ഒഴിവ് വന്ന സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുവാൻ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴ്സ് തിരിച്ചുള്ള അലോട്ട്മെന്റ് വിവരം ചുവടെ ചേർക്കുന്നു.

| കോഴ്സ് | പ്രവേശ പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം. |
|---|---|
| എഞ്ചിനീയറിംഗ്- | 23782 |
| ആർക്കിടെക്ചർ- | 609 |
| മെഡിക്കൽ- | 4092 |
| ആകെ- | 28483 |

ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വിഭാഗം | | | അലോട്ട്മെന്റ് നല്കിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| I | ജനറൽ | | 19611 |
| II | എസ്.ഇ.ബി.സി | | |
| | 1 | ഈഴവ | 1520 |
| | 2 | മുസ്ലീം | 1319 |
| | 3 | ബാക്ക്വേഡ് ഹിന്ദു | 836 |

| | | | |
|---|---|---|---|
| | 4 | ലാറ്റിൻ കാത്തലിക് | 308 |
| | 5 | ബാക്ക്വേഡ് ക്രിസ്ത്യൻ | 137 |
| | 6 | കുടുംബി | 107 |
| III | | എസ്.സി./എസ്.റ്റി | |
| | 1 | പട്ടികജാതി | 1477 |
| | 2 | പട്ടികവർഗ്ഗം | 141 |

ബാക്കിയുള്ള സീറ്റുകളിൽ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റിക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലായാണ് അലോട്ട് ചെയ്തിട്ടുള്ളത്.

സി) പ്രവേശനം പൂർത്തിയായിട്ടും മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും എത്ര വീതം സീറ്റുകൾ ഒഴിവുണ്ടെന്നും, ഇവ ഒഴിഞ്ഞു കിടക്കാൻ കാരണമെന്തെന്നും വ്യക്തമാക്കുമോ?

സി) അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഴ്സ് | അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളുടെ എണ്ണം |
|---|---|
| എഞ്ചിനീയറിംഗ് | 12181 |
| ആർക്കിടെക്ചർ | 99 |
| മെഡിക്കൽ കോഴ്സുകൾ | |
| എം.ബി.ബി.എസ്സ് | 06 |
| ബി.ഡി.എസ്സ് | 113 |
| ആയുർവേദ | 47 |
| ഹോമിയോ | 19 |
| സിദ്ധ | 10 |

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ എം.ബി.ബി.എസ്സ്/ബി.ഡി.എസ്സ് ഒഴികെ മറ്റു സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ വഴി നികത്തുവാൻ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.എം.ബി.ബി.എസ്സ്/ബി.ഡി.എസ്സ് ഒഴികെ മറ്റു കോഴ്സുകളിലേക്കു ആവശ്യമുള്ള ഓപ്ഷൻ വിദ്യാർത്ഥികൾ സമർപ്പിക്കാത്തതിനാലും അനാവശ്യ ഓപ്ഷൻ നൽകിയതിനുശേഷം വിദ്യാർത്ഥികൾ ജോയിൻ ചെയ്യാത്തതുംമൂലമാണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത്.

| | |
|---|---|
| ഡി) ഈ ഒഴിവുകൾ ജനറൽ വിഭാഗത്തിൽ എത്രയെന്നും സംവരണ വിഭാഗത്തിൽ എത്രയെന്നും ജാതി അടിസ്ഥാനത്തിൽ വിശദമാക്കുമോ? | ഡി) അലോട്ട്മെന്റിനുശേഷം ഒഴിവു വന്ന സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ എണ്ണവും, സംവരണ വിഭാഗത്തിലെ ജാതി തിരിച്ച എണ്ണവും ചുവടെ ചേർക്കുന്നു. |

| വിഭാഗം | | | എഞ്ചിനീയറിംഗ് | ആർക്കിടെക്ചർ | മെഡിക്കൽ |
|---|---|---|---|---|---|
| I | ജനറൽ | | 9739 | 78 | 94 |
| II | എസ്.ഇ.ബി.സി | | | | |
| | 1 | ഈഴവ | 303 | 05 | 27 |
| | 2 | മുസ്ലീം | 252 | 07 | 25 |
| | 3 | ബാക്ക്വേഡ് ഹിന്ദു | 141 | 04 | 22 |
| | 4 | ലാറ്റിൻ കാത്തലിക് | 30 | 03 | 05 |
| | 5 | ബാക്ക്വേഡ് ക്രിസ്ത്യൻ | 10 | - | - |
| | 6 | കുടുംബി | 05 | - | 01 |
| III | എസ്.സി./എസ്.റ്റി | | | | |
| | 1 | പട്ടിക ജാതി | 417 | 01 | 16 |
| | 2 | പട്ടിക വർഗ്ഗം | 459 | - | 01 |

ബാക്കി ഒഴിവുള്ള സീറ്റുകൾ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റിക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലുള്ളവയാണ്.

സെക്ഷൻ ഓഫീസർ